**അനുബന്ധം**

**തിരുത്തിയ ഉത്തരം**

നക്ഷത്ര ചിഹ്നമിടാത്ത 717-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

**സ്മാർട്ട് സിറ്റിയുടെ ഭാഗമായുള്ള സോളാർ പവർപ്ലാന്റിന്റെ സ്ഥാപനം**

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ടൈറ്റാനിയത്തിൽ എത്ര മെഗാവാട്ട് സോളാർ പവർപ്ലാന്റ് സ്ഥാപിക്കുന്നതിനായി ടെൻഡർ ക്ഷണിച്ചുവെന്നും, ഏത് കമ്പനിക്കാണ് വർക്ക് ഓർഡർ നൽകിയതെന്നും അറിയിക്കുമോ; പ്രസ്തുത വർക്ക് ഓർഡറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ടൈറ്റാനിയത്തിൽ 2 മെഗാവാട്ട് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ടെൻഡർ ക്ഷണിച്ചു. M/s. Enerture Technologies Pvt. Ltd. എന്ന കമ്പനിക്കാണ് വർക്ക് ഓർഡർ നൽകിയത്. പ്രസ്തുത വർക്ക് ഓർഡറിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത ടെൻഡറുമായി ബന്ധപ്പെട്ട നോട്ട് ഫയലിന്റെയും കറസ്പോണ്ടൻസ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

പ്രസ്തുത ടെൻഡറുമായി ബന്ധപ്പെട്ട നോട്ട് ഫയലിന്റെയും കറസ്പോണ്ടൻസ് ഫയലിന്റെയും പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) ടെൻഡർ ലഭിച്ച കമ്പനി അനെർട്ടിൽ ആദ്യം സമർപ്പിച്ച ബാങ്ക് ഗ്യാരന്റിയുടെ പകർപ്പ് ലഭ്യമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത ബാങ്കിലേക്ക് അയച്ച കത്തുകളും ബാങ്കിന്റെ മറുപടി കത്തുകളും ലഭ്യമാക്കാമോ?

പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി നാളിതുവരെ എത്ര തുകയുടെ സോളാർ പദ്ധതി നടപ്പാക്കി കഴിഞ്ഞുവെന്നും ഇതിൽ സംസ്ഥാന വിഹിതം, കേന്ദ്ര വിഹിതം എന്നിവ എത്രയെന്നും വിശദമാക്കുമോ?

സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി അനെർട്ട് നാളിതുവരെ 101,79,64,980.64 രൂപയുടെ സോളാർ പദ്ധതി നടപ്പിലാക്കിവരുന്നു. സ്മാർട്ട് സിറ്റിയുടെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് അനെർട്ട് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി ആയാണ് ഈ പദ്ധതി നടപ്പാക്കിയത്. സ്മാർട്ട് സിറ്റി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പദ്ധതി തുക 50:50 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ലഭ്യമാക്കിയിട്ടുള്ളതാണ്. ഓരോ പ്രവർത്തിക്കും കേന്ദ്ര-സംസ്ഥാന വിഹിതമായി ചെലവ് ബുക്ക് ചെയ്യാറില്ല.